2024
APRIL
10
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## ഒരേ ദിവസത്തിൽ രണ്ട് റെക്കോഡിട്ട് സ്വർണവില; പവന് 52,800 രൂപ

**തിരുവനന്തപുരം:** ഒരേ ദിവസം തന്നെ രണ്ടു തവണ റെക്കോർഡ് നിരക്ക് രേഖപ്പെടുത്തി സ്വർണം. രാവിലെ ഗ്രാമിന് 10 രൂപ വർധിച്ച് 6575 രൂപയും പവന് 52600 രൂപയുമായിരുന്നു വില. ഉച്ചയ്ക്കു ശേഷം വീണ്ടും ഗ്രാമിന് 25 രൂപ വർധിച്ച് 6600 രൂപയും പവന് 200 രൂപ വർധിച്ച് 52,800 രൂപയുമായി. 2023 ഡിസംബർ മുതലാണ് സ്വർണ വിലയിൽ വർധനവുണ്ടാകാൻ തുടങ്ങിയത്. 2024 മാർച്ചിൽ നിരവധി തവണ സ്വർണ വില റെക്കോഡുകൾ തിരുത്തി.

ഇപ്പോഴും ഈ കുതിപ്പ് തുടരുകയാണ്. രാജ്യാന്തര തലത്തിൽ സുരക്ഷിത നിക്ഷേപം എന്ന നിലയിൽ വൻതോതിൽ സ്വർണ വാങ്ങിക്കൂട്ടുന്നതാണ് സ്വർണ വില വർധനയുടെ കാരണം. രാജ്യാന്തര തലത്തിൽ സ്വർണ വില 2400 ഡോളർ വരെയായേക്കാം എന്നാണ് സൂചന.

വെള്ളി വിലയിലും വർധനവുണ്ട്. ഗ്രാമിന് 88 രൂപയാണ് വെള്ളിയുടെ വില.

# ക്ഷേമ പെൻഷൻ അവകാശമല്ല, സഹായം

■ എത്രയെന്നും എപ്പോഴെന്നും സർക്കാർ തീരുമാനിക്കും

**കൊച്ചി :** ക്ഷേമ പെൻഷൻ അവകാശമായി കാണാനാകില്ലെന്നും സർക്കാരിന്റെ ഔദാര്യം മാത്രമാണെന്നും ഹൈക്കോടതിയിൽ സർക്കാർ വ്യക്തമാക്കി. ക്ഷേമ പെൻഷൻ എത്രയാണ്, എപ്പോഴാണ് വിതരണം ചെയ്യേണ്ടതെന്നു തീരുമാനമെടുക്കുന്നത് സർക്കാരാണ്. ഭരിക്കുന്ന സർക്കാരുകളുടെ നയപരമായ തീരുമാനത്തിന്റെ ഭാഗം മാത്രമാണ് ക്ഷേമ പെൻഷൻ വിതരണം. നിയമം അനുശാസിക്കുന്ന പെൻഷൻ ഗണത്തിൽ പെടുന്നതല്ല ക്ഷേമ പെൻഷനെന്നും ഹൈക്കോടതിയിൽ സമർപ്പിച്ച മറുപടി സത്യവാങ്മൂലത്തിൽ സർക്കാർ വ്യക്തമാക്കി. പെൻഷൻ വിതരണം ഉറപ്പാക്കുന്ന കാര്യത്തിൽ കോടതി ഇടപെടൽ ആവശ്യപ്പെട്ടുള്ള ഹർജികൾക്കുള്ള മറുപടിയിലാണു സർക്കാർ ഇക്കാര്യം വ്യക്തമാക്കിയത്.

സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതിക്കു വേണ്ടി സെസ് പിരിക്കുന്നു എന്നു കരുതി അത് പെൻഷൻ പദ്ധതിയുടെ കീഴിൽ വരില്ല. 2 മാസത്തെ ക്ഷേമ പെൻഷൻ കൂടി ഈ



യാഴ്ച വിതരണം ചെയ്യുന്നുണ്ട്. ക്ഷേമ പെൻഷൻ നൽകുന്നതിൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് കാര്യമായ സഹായമില്ല. മൂന്നു വിഭാഗങ്ങളിലായാണ് പെൻഷൻ നൽകുന്നത്. വർധക്യ പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ എന്നിവയിൽ 1600 രൂപയാണ് നൽകുന്നത്. എന്നാൽ 80 വയസ്സു വരെയുള്ള വാർധക്യ പെൻഷന് 200 രൂപ മാത്രമാണ് കേന്ദ്രം നൽകുന്നത്. 80 വയസ്സിനു മുകളിൽ ഉള്ളവർക്ക് 500 രൂപയും. 80 വയസ്സിൽ താഴെ പ്രായവും 80 ശതമാനത്തിൽ കുറവ് വൈകല്യവുമുള്ളവർക്കുള്ള പെൻഷനിൽ കേന്ദ്രം വിഹിതം നൽകുന്നില്ല. സമാനമായി വിവിധ പ്രായത്തിലുള്ളവർക്കും നൽകുന്നത് നേരിയ തുക മാത്രമാണ്.

40 വയസ്സിൽ താഴെയുള്ള വിധവാ പെൻഷന് കേന്ദ്ര വിഹിതമില്ല. 40, 80 പ്രായപരിധിയിൽ ഉള്ളവർക്ക് കേന്ദ്രം തരുന്നത് 300 രൂപയാണ്. 80 വയസ്സിനു മുകളിലുള്ള വിധവാ പെൻഷന് കേന്ദ്രം 500 രൂപയും നൽകുന്നുവെന്ന് സംസ്ഥാന സർക്കാർ പറയുന്നു. ഈ മൂന്നു പെൻഷനുകളും കൂടാതെ 3 ലക്ഷം കാർഷിക തൊഴിലാളികൾക്കും 50 വയസ്സിനു മുകളിൽ പ്രായമുള്ള 76,000 അവിവാഹിതരായ സ്ത്രീകൾക്കും 1600 രൂപ വീതം മാസം പെൻഷൻ നൽകുന്നുണ്ട്. ഇവയ്ക്ക് കേന്ദ്ര സഹായമില്ല. ഇതെല്ലാം കൂടി 45 ലക്ഷത്തോളം പേർക്കാണ് പെൻഷൻ നൽകുന്നത്. ഈ 5 വിഭാഗങ്ങളിലും കൂടി പെൻഷൻ നൽകാൻ മാത്രം മാസം 900 കോടി രൂപ ആവശ്യമാണ്. മറ്റ് 16 ക്ഷേമ പദ്ധതികൾക്കായി 90 കോടി രൂപയും ഓരോ മാസവും കണ്ടെത്തേണ്ട സാഹചര്യമുണ്ടെന്നും സർക്കാർ പറഞ്ഞു.



## ഓഹരി വിപണിയിൽ വൻ കുതിപ്പ്; സെൻസെക്സ് ആദ്യമായി 75,000 കടന്നു

**ന്യൂഡൽഹി:** ഇന്ത്യൻ ഓഹരി വിപണിയിൽ കുതിപ്പ് തുടരുന്നു. ബോംബെ സ്റ്റോക് എക്സ്ചേഞ്ച് ഓഹരി സൂചികയായ സെൻസെക്സ് ആദ്യമായി 75000 കടന്നു. നിഫ്റ്റിയിലും പുതിയ റെക്കോർഡ് സൃഷ്ടിക്കപ്പെട്ടു. വ്യാപാരത്തിന്റെ തുടക്കത്തിൽ നിഫ്റ്റി 22,700 പോയന്റ് നേട്ടത്തിലാണ്.

വരും ദിവസങ്ങളിൽ നിഫ്റ്റി കൂടുതൽ മുന്നേറ്റമുണ്ടാക്കുമെന്നും 22,529 പോയന്റിനും 22,810 പോയന്റിനുമിടയിൽ തുടരുമെന്നും വിദഗ്ധർ പറയുന്നു. ഇൻഫോസിസ്, മാരുതി സുസുക്കി, എച്ച്ഡിഎഫ്സി ബാങ്ക് തുടങ്ങിയ ഓഹരികളാണ് പ്രധാനമായി നേട്ടം ഉണ്ടാക്കുന്നത്. 1622 കമ്പനികൾ നേട്ടമുണ്ടാക്കിയപ്പോൾ 589 കമ്പനികൾക്ക് ഇടിവുണ്ടായി.

## ചരിത്രത്തിലാദ്യമായി സംസ്ഥാനത്ത് 11 കോടി യൂണിറ്റ് കടന്ന് പ്രതിദിന വൈദ്യുതി ഉപയോഗം




**തിരുവനന്തപുരം:** ചരിത്രത്തിലാദ്യമായി 11 കോടി യൂണിറ്റ് കടന്ന് സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം. 11.01039 കോടി യൂണിറ്റ് വൈദ്യുതി ഉപയോഗമാണ് തിങ്കളാഴ്ച രേഖപ്പെടുത്തിയത്. പീക്ക് മണിക്കൂറുകളിലെ വൈദ്യുതി ഉപയോഗവും റെക്കോഡുകൾ ഭേദിച്ചു.

വൈകീട്ട് 6 മുതൽ 12 വരെയുള്ള സമയത്ത് അത്യാവശ്യമല്ലാത്ത എല്ലാ വൈദ്യുതോ പകരണങ്ങളും ഓഫ് ചെയ്തും, മാറ്റി വയ്ക്കാവുന്ന പ്രവർത്തനങ്ങൾ പകൽ സമയത്തേക്ക് പുന:ക്രമീകരിച്ചും, ഓട്ടോമാറ്റിക് പമ്പ്സെറ്റുകളുടെ പ്രവർത്തനം ഓഫ് ചെയ്തും സഹകരിക്കണം എന്ന് കെഎസ്ഇബി അഭ്യർഥിക്കുന്നു.

## ലോക്സഭ തെരഞ്ഞെടുപ്പ്: പരസ്യങ്ങൾക്ക് മുൻകൂർ അനുമതി നിർബന്ധം

**കൊച്ചി:** ലോക്സഭാ തെരഞ്ഞെടുപ്പ് 2024 പ്രചാരണത്തിന്റെ ഭാഗമായി ടെലിവിഷൻ ചാനലുകൾ, കേബിൾ നെറ്റ് വർക്കുകൾ, സ്വകാര്യ എഫ്എം ചാനലുകൾ ഉൾപ്പെടെയുള്ള റേഡിയോകൾ, സിനിമാ തിയറ്ററുകൾ, പൊതുസ്ഥലങ്ങൾ, സമൂഹ മാധ്യമങ്ങൾ എന്നിവയിൽ നൽകുന്ന പരസ്യങ്ങൾക്ക് അനുമതി നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് വാങ്ങണമെന്ന് മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (എംസിഎംസി) ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു.






**കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ എളമക്കര വ്യാപാര ഭവനിൽ നടത്തിയ ഇഫ്താർ സംഗമം എളമക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ ജെ.എസ്.സജീവ് കുമാർ ഉദ്ഘാടനം ചെയ്യുന്നു. ടിജോ തോമസ്, തദേവൂസ്, ജയ പീറ്റർ, പ്രദീപ് ജോസ്, എം.സി പോൾസൺ, എഡ്വേർഡ് ഫോസ്റ്റർ എന്നിവർ സമീപം.**

# കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് ഇഫ്താർ സംഗമം നടത്തി

**കൊച്ചി :** കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇഫ്താർ സംഗമം നടത്തി. എറണാകുളം നിയോജക മണ്ഡലം യൂത്ത് വിംഗ് പ്രസിഡന്റ് പ്രദീപ് ജോസിന്റെ അധ്യക്ഷതയിൽ എളമക്കര വ്യാപാര ഭവനിൽ നടന്ന ഇഫ്താർ സംഗമം എളമക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ ജെ.എസ് സജീവ് കുമാർ ഉദ്ഘാടനം ചെയ്തു. ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ് മുഖ്യ അതിഥിയായി.നിയോജക മണ്ഡലം പ്രസിഡന്റ് എംസി പോൾസൺ, ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, എം.എ പർത്തസീസ്, തദേവൂസ്, ജയ പീറ്റർ, ജംഷീർ വി, ടിജോ തോമസ്, കെസി അനസ്,തുടങ്ങിയവർ സംസാരിച്ചു.




**എറണാകുളം വൈറ്റില സിൽവർ സാന്റ് ഐലന്റിലെ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് ഡിസൈൻ ഇന്നോവേഷൻസ്(ആസാദി) കോളജിൽ ആസാദി സ്റ്റുഡന്റ്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇഫ്താർ സംഗമവും കോളജിൽ പുതിയതായി നിർമ്മിച്ച മൾട്ടി പർപ്പസ് ഹാളിന്റെ ഉദ്ഘാടനവും ഉപലോകായുക്ത ജസ്റ്റിസ് ഹറൂൺ ഉൾ റഷീദ് നിർവ്വഹിക്കുന്നു. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി ആർ അജിത്, ഡയറക്ടർ ദേവി അജിത് തുടങ്ങിയവർ സമീപം**

# ഇഫ്താർ സംഗമം നടത്തി

**കൊച്ചി:**എറണാകുളം വൈറ്റില സിൽവർ സാന്റ് ഐലന്റിലെ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് ഡിസൈൻ ഇന്നോവേഷൻസ്(ആസാദി) കോളജിൽ ആസാദി സ്റ്റുഡന്റ്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇഫ്താർ സംഗമവും കോളജിൽ പുതിയതായി നിർമ്മിച്ച മൾട്ടി പർപ്പസ് ഹാളിന്റെ ഉദ്ഘാടനവും ഉപലോകായുക്ത ജസ്റ്റിസ് ഹറൂൺ ഉൾ റഷീദ് നിർവ്വഹിച്ചു. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി ആർ അജിത്, ഡയറക്ടർ ദേവി അജിത് തുടങ്ങിയവർ സംസാരിച്ചു.

# എൻഎസ്ഇ ശിൽപശാലകൾ സംഘടിപ്പിച്ചു

**കൊച്ചി:** ഗ്രീൻ, സോഷ്യൽ, സസ്റ്റൈനബിലിറ്റി (ജിഎസ്എസ്) ബോണ്ടുകളെ കുറിച്ചുള്ള അവബോധം വർധിപ്പിക്കാനായി നാഷണൽ സ്റ്റോക് എക്സചേഞ്ച് ശിൽപശാലകൾ സംഘടിപ്പിച്ചു. ഇന്ത്യൻ വ്യവസായ രംഗത്തെ വിവിധ ഘടകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള അവബോധ പരിപാടികളുടെ തുടക്കമായാണ് മുംബൈയിലും ഡൽഹിയിലും ഇവ സംഘടിപ്പിച്ചത്.ഇൻറർനാഷണൽ ഫിനാൻസ് കോർപറേഷൻ, ക്ലൈമറ്റ് ബോണ്ട് ഇനീഷിയേറ്റീവ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഇവ സംഘടിപ്പിച്ചത്. ജിഎസ്എസ് ബോണ്ടുകൾ വിതരണം ചെയ്യുന്നതിനു മുൻപും പിൻപുമുള്ള വിവിധ ഘടകങ്ങൾ, വിവിധ രാജ്യങ്ങളിൽ ജിഎസ്എസ് ബോണ്ടുകൾ പുറപ്പെടുവിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള സെഷനുകളും നടത്തി.

# യുടിഐ വാല്യൂ ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 8500 കോടി രൂപ

**കൊച്ചി:** യുടിഐ വാല്യൂ ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 8500 കോടി രൂപയിലേറെയാണെന്ന് 2024 മാർച്ച് 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. പദ്ധതിയുടെ നിക്ഷേപത്തിൻറെ 68 ശതമാനത്തോളം ലാർജ് ക്യാപ് ഓഹരികളിലാണെന്നും മാർച്ച് 31ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഫോസിസ്, ആക്സിസ് ബാങ്ക്, ഭാരതി എയർടെൽ, എസ്ബിഐ, കോട്ടക് മഹീന്ദ്ര ബാങ്ക്, ടെക് മഹീന്ദ്ര, ടാറ്റാ സ്റ്റീൽ, സിപ്ല തുടങ്ങിയവയിലാണ് 41 ശതമാനം നിക്ഷേപവും. ഓഹരികളുടെ മൂല്യത്തിൻറെ അടിസ്ഥാനത്തിൽ നിക്ഷേപം നടത്താൻ തെരഞ്ഞെടുക്കുന്നതാണ് പദ്ധതിയുടെ രീതി.

2005ലാണ് പദ്ധതി ആരംഭിച്ചത്. ഓഹരിയിൽ നിക്ഷേപം വളർത്തിയെടുക്കാനും ദീർഘകാല വളർച്ച തേടാനും ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ പദ്ധതിയായയാണ് യുടിഐ വാല്യൂ ഫണ്ട് കണക്കാക്കപ്പെടുന്നത്.

# പ്രതിഷ്ഠാദിനാഘോഷം

**കൊച്ചി:** എറണാകുളം നോർത്ത് ശ്രീ മാരിയമ്മൻ കോവിലിൽ പ്രതിഷ്ഠാദിനാഘോഷം ഏപ്രിൽ 11 വ്യാഴം,12 വെള്ളി ദിവസങ്ങളിൽ തന്ത്രി പുലിയന്നൂർ മന പ്രശാന്ത് നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തുന്നു. ഏപ്രിൽ 11 വ്യാഴം രാവിലെ കലശാഭിഷേകം, സർവ്വ ഐശ്വര്യ പൂജ, സോപാന സംഗീതം , ഉച്ചയ്ക്ക് 12 ന് അന്നദാനം, രാത്രി 7 മണിക്ക് കുങ്കുമാഭിഷേകം, കാർത്തിക നക്ഷത്രപൂജ 8 മണിക്ക് തിരുവാതിരകളി, നൃത്തസന്ധ്യ ഏപ്രിൽ 12 വെള്ളി രാവിലെ കലശാഭിഷേകം, രാത്രി 8 ന് വലിയഗുരുതി തുടർന്ന് മാടൻ സ്വാമിക്കും കറുപ്പൻ സ്വാമിക്കും വിശേഷാൻ പൂജ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

# സാമൂഹിക തിന്മകൾക്കെതിരായ ബോധവൽക്കരണവുമായി സഭ മുന്നോട്ടുപോകും: കെസിബിസി ജാഗ്രത കമ്മീഷൻ

**കൊച്ചി:** ഭീകരവാദവും പ്രണയ ചതികളും ഈ കാലഘട്ടത്തിലെ ചില യാഥാർഥ്യങ്ങളാണ് എന്ന വാസ്തവം ഉൾക്കൊണ്ടുകൊണ്ട് കേരള കത്തോലിക്കാ സഭ പലപ്പോഴും ജാഗ്രത നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ.നിയമത്തിലെ പഴുതുകളും ആനുകൂല്യങ്ങളും, ഒപ്പം സമൂഹത്തിന്റെ അജ്ഞതയും മുതലെടുത്തുകൊണ്ട് ചില തൽപരകക്ഷികൾ നടത്തിവരുന്ന ഗൂഢ നീക്കങ്ങൾ പലപ്പോഴും തുറന്നുകാണിക്കുകയുണ്ടായിട്ടുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്ടിന്റെ ദുരുപയോഗം പെൺകുട്ടികൾ ചതിക്കപ്പെടുന്നതിന് കാരണമാകുന്നത് പലപ്പോഴായി സർക്കാരിന് മുന്നിൽ ചൂണ്ടിക്കാണിച്ചിട്ടും നടപടികൾ ഉണ്ടായിട്ടില്ല. ഭരണ സംവിധാനങ്ങൾ ഇത്തരം വിഷയങ്ങളെ പതിവായി അവഗണിക്കുകയും, മാധ്യമങ്ങൾ പലപ്പോഴും വാസ്തവങ്ങൾ മറച്ചുവയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സഭാനേതൃത്വം വിശ്വാസികൾക്ക് ബോധവൽക്കരണം നടത്തുന്നതിനെ ആരും അസ്വസ്ഥതയോടെയും തെറ്റിദ്ധാരണാജനകമായും സമീപിക്കേണ്ടതില്ല. സമൂഹത്തിന്റെ അജ്ഞത നീക്കുന്നതിനും, യുവജനങ്ങൾ കെണികളിൽ അകപ്പെടുന്നത് തടയുന്നതിനും ഉതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുമായും, സാമൂഹിക തിന്മകൾക്കെതിരെ നിതാന്ത ജാഗ്രതയോടെയും സഭാ നേതൃത്വവും രൂപതകളും മുന്നോട്ടുപോവുക തന്നെ ചെയ്യും. ജാഗ്രതാ സമിതികൾ ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കും.

# വേദാന്തയിലെ പങ്കാളിത്തം വർധിപ്പിച്ചു

**കൊച്ചി:** ആഗോള തലത്തിലെ ഏറ്റവും വലിയ അസറ്റ് മാനേജറായ ബ്ലാക്ക്റോക്കും അബുദാബി ഇൻവെസ്റ്റ്മെൻറ് അതോറിറ്റിയും ഐസിഐസിഐ മ്യൂചൽ ഫണ്ട്, നിപ്പോൺ ഇന്ത്യ മ്യൂചൽ ഫണ്ട് തുടങ്ങിയ ആഭ്യന്തര സ്ഥാപനങ്ങളും അടക്കമുള്ളവർ വേദാന്തയിലെ തങ്ങളുടെ വിഹിതം കഴിഞ്ഞ നാലു മാസങ്ങളിലായി രണ്ടു ശതമാനം വർധിപ്പിച്ചു.

ഇതേ കാലയളവിൽ വിദേശ സ്ഥാപന നിക്ഷേപകർ തങ്ങളുടെ നിക്ഷേപം 1.2 ശതമാനവും വർധിപ്പിച്ചിട്ടുണ്ട്. ലോഹ വിലകളിലെ വ്യത്യാസത്തിൻറേയും ഗ്രൂപ്പിൻറെ ഡീമെർജർ പദ്ധതികളുടേയും പശ്ചാത്തലത്തിൽ വേദാന്തയുടെ ഓഹരി വില അടുത്ത കാലത്തു കുതിച്ചുയർന്നിരുന്നു. വേദാന്തയുടെ ഓഹരികൾ ആറു സ്വതന്ത്ര സ്ഥാപനങ്ങളായി ഡീമെർജർ ചെയ്യുന്ന പദ്ധതി കഴിഞ്ഞ സെപ്റ്റംബറിൽ പ്രഖ്യാപിച്ചിരുന്നു. വേദാന്തയുടെ ഓരോ ഓഹരികൾക്കും പുതുതായി ലിസ്റ്റു ചെയ്യുന്ന കമ്പനികളുടെ ഓഹരികൾ വീതമായിരിക്കും ലഭിക്കുക.



റമദാൻ റിലീഫ് പ്രവർത്തനത്തിന്റെ ഭാഗമായി എം. ഇ. എസ്. യൂത്ത് വിംഗ് എറണാകുളം ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ചെറിയ പെരുന്നാൾ പുതുവസ്ത്ര വിതരണത്തിനായുള്ള ധനസഹായത്തിന്റെ ചെക്ക് എം. ഇ. എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ടി. എം. സക്കീർ ഹുസൈനിൽ നിന്നും യൂത്ത് വിംഗ് ജില്ലാ നേതാക്കളായ ഡോ. അൻവർ ഹസൈൻ, അമീർ അലി, കെ.എ സിൽജു എന്നിവർ ഏറ്റുവാങ്ങുന്നു

# റമദാൻറിലീഫ്: സഹായഹസ്തവുമായി എംഇഎസ്

**കൊച്ചി:** റമദാൻ റിലീഫ് പ്രവർത്തനത്തിന്റെ ഭാഗമായി എം. ഇ. എസ്. യൂത്ത് വിംഗ് എറണാകുളം ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ചെറിയ പെരുന്നാൾ പുതുവസ്ത്ര വിതരണത്തിനായുള്ള ധനസഹായം കൈമാറി. എം. ഇ. എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ടി. എം. സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ താലൂക്കുകളിൽ നിന്നും സമാഹരിച്ച രണ്ട് ലക്ഷം രൂപയും സംസ്ഥാന കമ്മിറ്റിയിൽ നിന്നും ലഭിച്ച രണ്ട് ലക്ഷം രൂപയും ഉൾപ്പെടെ നാലു ലക്ഷം രൂപയുടെ ചെക്ക് എം. ഇ. എസ്. യൂത്ത് വിംഗ് ജില്ലാ നേതാക്കളായ ഡോ. അൻവർ ഹസൈൻ, അമീർ അലി, കെ.എ സിൽജു എന്നിവർ ടി. എം. സക്കീർ ഹുസൈനിൽ നിന്നും ഏറ്റുവാങ്ങി. ചെറിയ പെരുന്നാൾ ദിനത്തിൽ ജില്ലയിലെ വിവിധഭാഗങ്ങളിലെ നിർധനരായ കുടുംബങ്ങൾക്ക് പുതുവസ്ത്രം വാങ്ങിക്കുവാനാണ് പണം വിതരണം ചെയ്യുക. മുൻ കേരള ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. ടി ആസഫ് അലി, ശ്രീനാരായണ സേവാ സംഘം പ്രസിഡന്റ് എൻ ഡി പ്രേമചന്ദ്രൻ, മെക്ക പ്രതിനിധി എൻ കെ അലി, കെ പി എം എസ് പ്രതിനിധി സി പ്രശോഭ്, ധീവര സഭ സംഘം പ്രതിനിധി പ്രേമചന്ദ്രൻ, അൽ അമീൻ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പ്രതിനിധി ഇബ്രാഹിം ഖാൻ, ശ്രീനാരായണ സേവാ സംഘം സെക്രട്ടറി പി പി രാജൻ,എം. എസ് എസ് ജില്ലാ സെക്രട്ടറി മിർസ വാഹിദ്, കെ എം ഇ എ പ്രതിനിധി അഡ്വ. മജീദ് പറക്കാടൻ, ജില്ലാ മഹൽ കമ്മിറ്റി പ്രസിഡന്റ് മുജീബ് റഹ്മാൻ, എം ഇ എസ് സംസ്ഥാന വൈസ് പ്രസിഡണ്ട് എം എം അഷ്‌റഫ്, എം ഇ എസ് ജില്ല പ്രസിഡന്റ് കെ എം ലിയാഖത്ത് അലിഖാൻ, എം ഇ എസ് ജില്ലാ സെക്രട്ടറി ഇ എം നിസാർ, എം ഇ എസ് യൂത്ത് വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറി ബി എച്ച് മുഹമ്മദ് നിസാർ,ജില്ല വൈസ് പ്രസിഡന്റ് ടി. കെ. ഇസ്മായിൽ തുടങ്ങിയവർ പങ്കെടുത്തു.

# പോപ്പുലർ വെഹിക്കിൾസിൻെറ വരുമാനം 4,274.7 കോടി

**കൊച്ചി:** പോപ്പുലർ വെഹിക്കിൾസ് & സർവീസസ് ലിമിറ്റഡ് ഡിസംബർ 31ന് അവസാനിച്ച ഒൻപത് മാസ കാലയളവിൽ 4,274.7 കോടിയുടെ വരുമാനം നേടി. മുൻവർഷത്തെ ഇതേ കാലയളവിലെ 3,581.6 കോടി രൂപയെ അപേക്ഷിച്ച് 19.4 ശതമാനമാണ് വർധന. നികുതിക്ക് മുൻപുള്ള ലാഭം 23 ശതമാനം ഉയർന്ന് 216.7 കോടി രൂപയിലെത്തി. മുൻ വർഷം ഇത് 176.1 കോടി രൂപയായിരുന്നു. കമ്പനിയുടെ അറ്റാദായം 12.5 ശതമാനം ഉയർന്ന് 56 കോടി രൂപയായി. മുൻവർഷം ഇതേ കാലയളവിൽ 49.7 കോടി രൂപയാണ് അറ്റാദായം. ഇപിഎസ് ഒൻപത് മാസം കൊണ്ട് 12.5 ശതമാനം ഉയർന്ന് 8.9 രൂപയായി. മുൻവർഷം സമാന കാലയളവിൽ 7.9 രൂപയായിരുന്നു.ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ വരുമാനം 16.9 ശതമാനം ഉയർന്ന് 1,426.5 കോടി രൂപയായി. മുൻവർഷം ഇതേ കാലയളവിൽ 1,220.4 കോടി രൂപയായിരുന്നു. നികുതിക്ക് മുൻപുള്ള ലാഭം 35.3 ശതമാനം ഉയർന്ന് 70.8 കോടി രൂപയിലെത്തി. 2022 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ ഇത് 52.3 കോടി രൂപയായിരുന്നു. മൂന്നാം പാദത്തിലെ അറ്റാദായം 50.2 ശതമാനം ഉയർന്ന് 15.9 കോടി രൂപയായി. മുൻവർഷം ഇതേ കാലയളവിൽ 10.6 കോടി രൂപയാണ് അറ്റാദായം. 2023 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ ഇപിഎസ് 50.2 ശതമാനം ഉയർന്ന 2.5 രൂപയായി. മുൻവർഷം സമാന കാലയളവിൽ 1.7 രൂപയായിരുന്നു.ഐപിഒയുടെ ഉജ്ജ്വല വിജയത്തിന് സംഭാവന നൽകി പോപ്പുലർ വെഹിക്കിൾസ് & സർവീസസ് ലിമിറ്റഡ് കുടുംബത്തിൽ ചേർന്ന ഒരു ലക്ഷം നിക്ഷേപകർക്ക് തങ്ങൾ ഹൃദയഗമമായ നന്ദി രേഖപ്പെടുത്തുവെന്ന് പോപ്പുലർ വെഹിക്കിൾസ് & സർവീസസ് മാനേജിംഗ് ഡയറക്ടർ നവീൻ ഫിലിപ്പ് പറഞ്ഞു.

# മലപ്പുറം ജില്ലയിൽ നെറ്റുവർക്ക് വിപുലമാക്കി എയർടെൽ

**മലപ്പുറം:** ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളായ ഭാരതി എയർടെൽ മലപ്പുറം ജില്ലയിൽ തങ്ങളുടെ ശൃംഖലയിൽ കൂടുതൽ സൈറ്റുകൾ വിന്യസിച്ചു. 86 പട്ടണങ്ങളിലും 129 ഗ്രാമങ്ങളിലുമായി 16 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഇതുവഴി വോയ്സ്, ഡാറ്റ കണക്റ്റിവിറ്റിയിൽ ഈ മേഖലയിലെ ഉപഭോക്തൃ അനുഭവം വർദ്ധിപ്പിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഏറനാട്, കൊണ്ടോട്ടി, നിലമ്പൂർ, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, തിരൂരങ്ങാടി പ്രദേശങ്ങളിൽ ഈ നെറ്റ്വർക്ക് മെച്ചപ്പെടുത്തൽ നേരിട്ട് പ്രയോജനപ്പെടും. ഈ വിപുലീകരണം ഗ്രാമങ്ങളിലെ ഉപഭോക്താക്കൾക്ക് അതിവേഗ കണക്റ്റിവിറ്റിയുടെ തടസ്സങ്ങളില്ലാത്ത ലഭ്യത സാധ്യമാക്കും.

# മോട്ടോറോള എഡ്ജ് 50 പ്രോ വിൽപ്പനയ്ക്കെത്തി

**ന്യൂഡൽഹി:** സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടോറോള അവതരിപ്പിച്ച എഡ്ജ് 50 പ്രോ ഏപ്രിൽ 9 മുതൽ Flipkart, Motorola.in എന്നിവയിലും പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും വിൽപ്പനയ്ക്കെത്തി.




മോട്ടോറോള എഡ്ജ് 50 പ്രോയിൽ ലോകത്തിലെ ആദ്യ എഐ പവേർഡ് പ്രോ ഗ്രേഡ് ക്യാമറയും പാന്റോൺ സാധുകരിച്ച യഥാർത്ഥ കളർ ഔട്ട്പുട്ടും സജ്ജീകരിച്ചിരിക്കുന്നു. പുതിയ എഐ ഫോട്ടോ എൻഹാൻസ്മെന്റ് എഞ്ചിൻ ഏറ്റവും മികച്ച നിലവാരം നൽകുന്നതിന് ഒന്നിലധികം ഷൂട്ടിംഗ് മോഡുകളിൽ നിന്ന് ക്രമീകരണങ്ങൾ ഒന്നിലേക്ക് ഒരേസമയം പ്രയോഗിക്കുന്നതിന് എഐ ഉപയോഗിക്കുന്നതിനാൽ ഓരോ ഷോട്ടിലും മികച്ച ഫോട്ടോകൾ എടുക്കുന്നത് അനായാസമാക്കുന്നു. ഒപ്റ്റിമൽ വിശദാംശങ്ങൾ, വ്യക്തത, ഹൈലൈറ്റുകൾ, ഷാഡോകൾ, നിറം, ബൊക്കെ എന്നിവയ്ക്കായി ചിത്രം മികച്ചതാക്കാൻ എഞ്ചിൻ എഐ ഉപയോഗിക്കുന്നു. എഐ അഡാപ്റ്റീവ് സ്റ്റെബിലൈസേഷൻ, ഇന്റലിജന്റ് ഓട്ടോ ഫോക്കസ് ട്രാക്കിംഗ്, ആക്ഷൻ ഷോട്ട് എന്നീ സവിശേഷതകളുമുണ്ട്. 4500mAh ബാറ്ററി ദിവസങ്ങളോളം ഊർജ്ജം പ്രദാനം ചെയ്യുന്നു. 125W ടർബോ പവർ ചാർജിംഗ് വളരെപ്പെട്ടെന്ന് ചാർജിങ് പൂർത്തിയാക്കാൻ സഹായിക്കും. സെഗ്മെന്റിന്റെ ആദ്യത്തെ ടർബോപവർ 50W വയർലെസ് ചാർജിംഗും ഈ ഉപകരണം അവതരിപ്പിക്കുന്നു. മോട്ടോറോള എഡ്ജ് 50 പ്രോ യുടെ 50MP പ്രധാന ക്യാമറ, ഒരു സ്മാർട്ട്ഫോണിൽ ലഭ്യമായ ഏറ്റവും വിശാലമായ അപ്പർച്ചർ, മികച്ച ലോ ലൈറ്റ് പ്രകടനത്തിനായി 64% കൂടുതൽ വെളിച്ചം നൽകുന്നു. പിൻ ക്യാമറയിൽ 13എംപി അൾട്രാ വൈഡ് + മാക്രോ വിഷൻ സെൻസറും 3X ഒപ്റ്റിക്കൽ, 30എക്സ് ഹൈബ്രിഡ് സൂം ഫീച്ചർ ചെയ്യുന്ന OIS ഉള്ള 10MP ടെലിഫോട്ടോ ക്യാമറയും ഉണ്ട്. കൂടാതെ, മുൻ ക്യാമറയിൽ 50MP സെൻസറും വരുന്നു, ഇത് അതിന്റെ ക്ലാസിലെ സെഗ്മെന്റിന്റെ ഏറ്റവും ഉയർന്ന റെസല്യൂഷനാണ്, ഒപ്പം ക്വാഡ് പിക്സൽ സാങ്കേതികവിദ്യയും.

എഡ്ജ് 50 പ്രോ 6.7 ഇഞ്ച് 1.5 കെ സൂപ്പർ എച്ച്ഡി (1220 പി) പിഓലെഡ് ഡിസ്പ്ലേയോടെയാണ് വരുന്നത്, അത് മുൻ തലമുറയെ അപേക്ഷിച്ച് 13% മികച്ച റെസല്യൂഷൻ നൽകുന്നു. സ്മാർട്ട്ഫോണിലെ ലോകത്തിലെ ആദ്യത്തേതും ട്രൂ കളർ പാന്റോൺ ഡിസ്പ്ലേയാണിത്. കുറഞ്ഞ ലേറ്റൻസി 360ഹേർട്സ് ടച്ച് റേറ്റിൽ ഉപയോക്താക്കൾക്ക് വേഗത്തിലുള്ള പ്രതികരണവും അനുഭവിക്കാൻ കഴിയും.മോട്ടോറോള എഡ്ജ് 50 പ്രോ ലക്സ് ലാവെൻഡർ, ബ്ലാക്ക് ബ്യൂട്ടി സിലിക്കൺ വീഗൻ ലെതർ ഫിനിഷിലും മൂൺ ലൈറ്റ് പേൾ അസറ്റേറ്റ് ഫിനിഷിലും. ലഭ്യമാണ് Motorola.in എന്നിവയിലും റിലയൻസ് ഡിജിറ്റൽ ഉൾപ്പെടെയുള്ള പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും ഫോൺ ലഭ്യമാണ്



# അതിമാരകം ആടുവസന്ത

ആടുകളിലെ പ്ലേഗ് എന്നറിയപ്പെടുന്ന മാരക സാംക്രമിക വൈറസ് രോഗമാണ് ആടുവസന്ത. പാരമിക്സോ എന്ന വൈറസ് കുടുംബത്തിലെ മോർബില്ലി എന്നയിനം വൈറസുകളാണ് രോഗത്തിനു കാരണം. പിപിആർ അഥവാ പെസ്റ്റ് ഡെ പെറ്റിറ്റ്സ് റുമിനൻറ്സ് എന്നാണ് ഈ രോഗത്തെ ശാസ്ത്രീയമായി വിളിക്കുന്നത്.



കേരളത്തിൽ മാർച്ച് മാസത്തിൽ വടക്കൻ ജില്ലകളിലും ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലും ആടുകളിൽ പിപിആർ രോഗവ്യാപനത്തിന് ഉയർന്ന സാധ്യതയുണ്ടെന്ന് ദേശീയ വെറ്ററിനറി എപ്പിഡെമിയോളജി ഇൻസ്റ്റിറ്റ്യൂട്ട് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിൻറെ കീഴിലുള്ള ജന്തുരോഗ ജാഗ്രതാസംവിധാനമായ നാഡ്രസ് ആണ് ഇത് സംബന്ധിച്ച മുന്നറിയിപ്പ് നൽകിയത്. ചെമ്മരിയാടുകളേക്കാൾ മറ്റ് ആടുകൾക്കാണ് രോഗസാധ്യത കൂടുതൽ.

ഏത് ഇനത്തിലും പ്രായത്തിലുമുള്ള ആടുകളെയും രോഗം ബാധിക്കാമെങ്കിലും നാല് മാസത്തിനും രണ്ട് വയസിനും ഇടയിലുള്ളവയിലാണു രോഗസാധ്യതയും മരണനിരക്കും കൂടുതലായി കണ്ടുവരുന്നത്.

വൈറസ് ബാധയേറ്റാൽ രോഗലക്ഷണങ്ങൾ അതിതീവ്രമായി പ്രകടിപ്പിക്കുമെന്നു മാത്രമല്ല മരണനിരക്ക് 85 മുതൽ 90 ശതമാനം വരെ ഉയർന്നു നിൽക്കുകയും ചെയ്യും. വൈറസ് രോഗമായതിനാൽ ചികിത്സ അത്ര ഫലപ്രദമല്ല താനും.

കേരളത്തിൽ 2003ലാണ് പിപിആർ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. തുടർന്നുള്ള വർഷങ്ങളിലും സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഈ രോഗം കണ്ടെത്തുകയും ചെയ്തു.

മതിയായ സുരക്ഷാനടപടികൾ സ്വീകരിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള രോഗവാഹകരായ ആടുകളുടെ ഇറക്കുമതിയാണ് കേരളത്തിൽ രോഗം വ്യാപകമാവുന്നതിൻറെ മുഖ്യകാരണം.

ആടുകൾക്കു കൃത്യമായി പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിൽ കർഷകർക്കുള്ള വിമുഖതയും രോഗവ്യാപനത്തിനു വഴിയൊരുക്കുന്നു.

**ലക്ഷണങ്ങൾ**

രോഗം ബാധിച്ച ആടുകൾ വിസർജ്യങ്ങളിലൂടെയും കണ്ണിൽ നിന്നും മൂക്കിൽ നിന്നുമുള്ള സ്രവങ്ങളിലൂടെയുമാണു രോഗാണുക്കളെ പുറന്തള്ളുന്നത്. രോഗബാധയേറ്റ ആടുകളുമായുള്ള നേരിട്ടുള്ള സന്പർക്കത്തിലൂടേയും രോഗാണുബാധിതമായ തീറ്റ, കുടിവെള്ളം, ഫാം ഉപകരണങ്ങൾ എന്നിവ വഴി പരോക്ഷമായും രോഗവ്യാപനം നടക്കും.

രോഗബാധയേറ്റ ആടുകൾ ചുമയ്ക്കുന്പോഴും തുമ്മുന്പോഴും പുറത്തുവരുന്ന ചെറു സ്രവ കണികകൾ വഴി വായുവിലൂടെയും രോഗം എളുപ്പത്തിൽ വ്യാപിക്കും. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ച് ഒരാഴ്ചക്കകം ആടുകൾ രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങും.

കടുത്ത പനി, ചുമ, തീറ്റയോടുള്ള മടുപ്പ്, കണ്ണിൽ നിന്നും മൂക്കിൽ നിന്നും സ്രവമൊലിക്കൽ എന്നിവയെല്ലാമാണ് ആടുവസന്തയുടെ പ്രാരംഭ ലക്ഷണങ്ങൾ.

വൈറസുകൾ ദഹനേന്ദ്രിയ വ്യൂഹത്തെയും ശ്വസനനാളിയേയും ശ്വാസകോശത്തെയും ഗുരുതരമായി ബാധിക്കുന്നതോടെ രക്തവും കഫവും കലർന്ന വയറിളക്കം, ശ്വസനതടസം, മൂക്കിൽ നിന്ന് കട്ടിയായി സ്രവം, ഉച്ഛ്വാസവായുവിനു ദുർഗന്ധം തുടങ്ങിയ ലക്ഷണങ്ങൾ പ്രകടമാവും.



വായ്ക്കകത്തും പുറത്തും വ്രണങ്ങൾ പ്രത്യക്ഷപ്പെടുകയും കണ്ണുകൾ ചുവന്ന് പഴുക്കുകയും ചെയ്യും. ഗർഭിണി ആടുകളുടെ ഗർഭം അലസാനുമിടയുണ്ട്. ശരീരത്തിൻറെ സ്വാഭാവിക രോഗപ്രതിരോധശേഷി കുറയുന്നതിനാൽ പാർശ്വാണു ബാധകൾക്കും സാധ്യതയുണ്ട്.ശ്വസനതടസവും ന്യുമോണിയയും വയറിളക്കവും നിർജലീകരണവും മൂർച്ഛിച്ചാണ് ആടുകളുടെ മരണം സംഭവിക്കുന്നത്.

**പ്രതിരോധമാർഗങ്ങൾ**

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ആടുവസന്ത നിർമാർജനപദ്ധതിയുടെ കീഴിൽ ഉത്പാദിപ്പിച്ച് മൃഗാശുപത്രികൾ വഴിയും തിരുവനന്തപുരം പാലോടുള്ള സ്റ്റേറ്റ് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു നേരിട്ടും കർഷകർക്ക് സൗജന്യമായി ലഭ്യമാക്കുന്ന പിപിആർ സെൽകൾച്ചർ വാക്സിൻ ആടുവസന്ത പ്രതിരോധിക്കാൻ ഏറെ ഫലപ്രദമാണ്.കൂടാതെ ഇന്ത്യൻ ഇമ്യൂണോളജിക്കൽ, ഹെസ്റ്റർ ബയോസയൻസസ് തുടങ്ങിയ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന പിപിആർ വാക്സിനും വിപണിയിൽ ലഭ്യമാണ്. ആടുകൾക്ക് നാലുമാസം പ്രായമെത്തുന്പോൾ പിപിആർ തടയാനുള്ള വാക്സിൻ നൽകാം.

വാക്സിൻ ലായകവുമായി ലയിപ്പിച്ച ശേഷം 1 മില്ലി വീതം വാക്സിൻ കഴുത്തിന് മധ്യഭാഗത്തായി ത്വക്കിനടിയിൽ കുത്തിവയ്ക്കുന്നതാണു രീതി. നാലാഴ്ചകൾക്ക് ശേഷം സാധാരണ നൽകാറുള്ള ബൂസ്റ്റർ ഡോസ് പിപിആർ വാക്സിന് ആവശ്യമില്ല. പരമാവധി മൂന്ന് വർഷം വരെ പിപിആർ വൈറസിനെ പ്രതിരോധിക്കാനുള്ള ശേഷി ആടുകൾക്ക് നൽകാൻ ഒറ്റ ഡോസ് വാക്സിന് കഴിയും.

നമ്മുടെ നാട്ടിൽ ഈ രോഗം ഏറ്റവും വ്യാപകമായ രീതിയിൽ കണ്ടുവരുന്ന സാഹചര്യത്തിൽ ഫാമിൽ പ്രജനനത്തിന് ഉപയോഗിക്കുന്ന മാതൃപിതൃശേഖരത്തിൽ ഉൾപ്പെട്ട (പേരൻറസ്റ്റോക്ക്) ആടുകൾക്ക് വാക്സിൻറെ പരമാവധി പ്രതിരോധ കാലാവധി പൂർത്തിയാവുന്നതിന് മുന്പു തന്നെ വാക്സിൻ ആവർത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാക്സിൻ നൽകുന്നതിനു മുന്പ് ആടുകളെ വിരയിളക്കേണ്ടതുണ്ട്. നിർമാണം മുതൽ ഫാമുകളിൽ എത്തിച്ചു കുത്തിവയ്ക്കുന്നതു വരെ വാക്സിൻറെ തണുപ്പ് മാറാതെയും ശീതശൃംഖലമുറിയാതെയും ശ്രദ്ധിക്കേണ്ടതു പ്രധാനമാണ്. ഒരു വാക്സിൻ മിശ്രിതം ഉപയോഗിച്ചു തുടങ്ങിയാൽ രണ്ടു മണിക്കൂറിനുള്ളിൽ വാക്സിനേഷൻ പൂർത്തിയാക്കണം. മുതിർന്ന ആടുകൾക്ക് പ്രജനനത്തിന് മുന്പായി വാക്സിനേഷൻ പൂർത്തിയാക്കുന്നതാണ് അഭികാമ്യം.

ഗർഭിണി ആടുകൾക്ക് പി.പി.ആർ. വാക്സിൻ നൽകുന്നതിനു കുഴപ്പമില്ലെങ്കിലും നാലും അഞ്ചും മാസം ഗർഭിണികളായ, പ്രസവം ഏറെ അടുത്ത ആടുകളെ പി.പി.ആർ. വാക്സിൻ നൽകുന്നതിൽ നിന്ന് ഒഴിവാക്കാം.

**ജൈവസുരക്ഷാ മാർഗങ്ങൾ**

വാക്സിനേഷൻ നൽകുന്നതിനൊപ്പം ആടുകളിൽ രോഗപ്രതിരോധത്തിനായി സ്വീകരിക്കേണ്ട ജൈവസുരക്ഷാനടപടികളും ഏറെയുണ്ട്. പിപിആർ രോഗം സംശയിക്കുന്ന ആടുകളെ പ്രത്യേകം മാറ്റിപ്പാർപ്പിച്ചു ചികിത്സകൾ നൽകണം. രോഗബാധ കണ്ടെത്തിയ പ്രദേശത്തു നിന്ന് ആടുകളെ വാങ്ങുന്നതും തീറ്റ ശേഖരിക്കുന്നതും താത്കലികമായി ഒഴിവാക്കണം.

പുതിയ ആടുകളെ മറ്റ് ആടുകൾക്കൊപ്പം ചേർക്കാതെ മൂന്നാഴ്ച പ്രത്യേകം മാറ്റിപ്പാർപ്പിച്ച് ക്വാറൻറൈൻ പരിചരണം നൽകണം. രോഗബാധയില്ലെന്ന് ഉറപ്പാക്കിയശേഷം മാത്രം മറ്റ് ആടുകൾക്കൊപ്പം ചേർക്കുക.

പുതുതായി കൊണ്ടുവരുന്ന മുട്ടനാടുകളെ ക്വാറൻറൈൻ നിരീക്ഷണ കാലയളവിൽ പ്രജനനാവശ്യത്തിന് ഉപയോഗിക്കുന്നത് ഒഴിവാക്കണം. പ്രജനനാവശ്യത്തിനായി ഫാമുകളിലേക്ക് ആടുകളെ കൊണ്ടുവരുന്പോഴും മറ്റ് ഫാമുകളിലേക്കു കൊണ്ടുപോകുന്പോഴും രോഗബാധയില്ലെന്നുറപ്പാക്കാൻ ശ്രദ്ധിക്കണം.

വളർത്താനുള്ള ആടുകളെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ നിന്നോ കർഷകരിൽ നിന്നോ വാങ്ങുന്നതാണ് അഭികാമ്യം. ആരോഗ്യത്തെ പറ്റിയും എടുത്ത പ്രതിരോധകുത്തിവയ്പുകളെ പറ്റിയുമുള്ള മതിയായ വിവരങ്ങൾ ലഭ്യമല്ലാത്ത ആടുകളെ വാങ്ങുന്നതു പരമാവധി ഒഴിവാക്കണം.

ആടുകൾക്ക് അസ്വാഭാവിക മരണം സംഭവിച്ചാൽ വെറ്ററിനറി ഡോക്ടറുടെ സഹായത്തോടെ പോസ്റ്റ്മോർട്ടം നടത്തി മരണകാരണം കണ്ടെത്തുകയും വേണം.

# ടൈ കേരളയ്ക്ക് പുതിയ ഭാരവാഹികൾ

**കൊച്ചി:** ടൈ കേരളയുടെ 202425 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.


ജേക്കബ് ജോയ്, വിവേക് കൃഷ്ണ ഗോവിന്ദ്

ജാക്കോ ബി ചോക്ലേറ്റിയറിന്റെ സ്ഥാപകൻ ജേക്കബ് ജോയ് പ്രസിഡന്റും, വർമ്മ & വർമ്മ ചാർട്ടേഡ് അക്കൗണ്ടന്റ്സ് സീനിയർ പാർട്ണർ വിവേക് കൃഷ്ണ ഗോവിന്ദ് വൈസ് പ്രസിഡന്റുമായും പ്രവർത്തിക്കും. മാൻ കാൻകോറിന്റെ സി.ഇ.ഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ജീമോൻ കോരയാണ് നിയുക്ത വൈസ് പ്രസിഡന്റ്. ചേതന ഫോർമുലേഷൻസ് മാനേജിംഗ് ഡയറക്ടർ ദാമോദർ അവനൂർ ഇമ്മീഡിയറ്റ് പാസ്റ്റ് പ്രസിഡന്റിന്റെ ചുമതല നിർവ്വഹിക്കും.

സംസ്ഥാനത്ത് നല്ല സംരംഭക ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകരെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും നയരൂപീകരണത്തിനും വിവിധ പദ്ധതികൾക്കുമായി ഒന്നിപ്പിക്കുന്നതിനാണ് ടൈ കേരള പ്രധാനമായും ശ്രദ്ധിക്കുന്നത്.പുതുമയാർന്ന സംരംഭങ്ങൾ, വിദ്യാഭ്യാസം, മാർഗനിർദേശം, ധനസഹായം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ടൈ കേരള പ്രവർത്തിക്കുന്നത്.

കൃഷി, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, അസിസ്റ്റഡ് ലിവിംഗ്, റിസർച്ച് & ഡെവലപ്മെന്റ് എന്നിവയ്ക്കായുള്ള സംരംഭങ്ങൾക്ക് ടൈ കേരളയുടെ മുൻഗണന നൽകുന്നുണ്ട്. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയ്ക്കായി യുവതലമുറയെ സജ്ജമാക്കുന്നതിന് ടൈ യുടെ പ്രധാന പ്രവർത്തന മേഖലയായി സ്കൂൾ, ഉന്നത വിദ്യാഭ്യാസം എന്നിവയിലേക്ക് കൂടുതൽ പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ് പറഞ്ഞു.

# ഇമാക് സൈലന്റ് ഹീറോസ് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം എം.വി ശ്രേയാംസ് കുമാറിന്



**കൊച്ചി:** ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരളയുടെ ഇമാക് 2024 സൈലന്റ് ഹീറോസ് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മുൻ എം.പിയും മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി മാനേജിംഗ് ഡയറക്ടറുമായ എം.വി ശ്രേയാംസ് കുമാറിന്.കേരളത്തിനകത്തും പുറത്തും ശ്രദ്ധേയമായ സാംസ്കാരിക സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി നടത്തിയ ശ്രമങ്ങളാണ് പുരസ്കാരത്തിന് അർഹനാക്കിയത്. 1999ൽ കേരളത്തിലെ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ മാതൃഭൂമി കലോത്സവം, മാതൃഭൂമി ഫിലിം അവാർഡ്, മോജോ റേസിംഗ്, മാതൃഭൂമി ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് ലെറ്റേഴ്സ് (എം.ബി.ഐ.എഫ്.എൽ), കൾച്ചർ തുടങ്ങിയ പരിപാടികളിൽ സുപ്രധാന പങ്കായിരുന്നു അദ്ദേഹം വഹിച്ചത്.

ഇമാക് സൈലന്റ് ഹീറോസ് അവാർഡുകളുടെ അഞ്ചാം പതിപ്പാണ് ഇമാക് 2024. സംസ്ഥാനത്തെ ഇവന്റ് മാനേജർമാരുടെ മികച്ച പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും ഇമാക് അവാർഡുകൾ നൽകുന്നത്.

# കുസാറ്റിൽ പ്രോജക്ട് ഫെല്ലോ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൺവയോൺമെന്റ് സ്റ്റഡീസിൽ റൂസ 2.0 ന്റെ ധനസഹായത്തോടെ നടത്തുന്ന പ്രോജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെല്ലോ (ജെ.ആർ.എഫ്) താത്കാലിക ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

കെമിസ്ട്രി അല്ലെങ്കിൽ എൺവയോൺമെന്റൽ സയൻസിൽ ബിരുദാനന്തരബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം.നെറ്റ്/ഗേറ്റ്, സർഫസ് കോട്ടിങ്ങ് അല്ലെങ്കിൽ നാനോ മെറ്റീരിയൽസിൽ പ്രവർത്തിപരിചയം അഭികാമ്യം.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും സമാന മേഖലയിലെ പ്രവർത്തി പരിചയം തെളിയിക്കുന്ന രേഖകളും സഹിതം uka@cusat.ac.in എന്ന വിലാസത്തിൽ ഏപ്രിൽ 21ന് മുൻപ് അയക്കുക.

കുസാറ്റിലെ സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസിൽ ഏപ്രിൽ 24, രാവിലെ 10:30 ന് വാക്ക്ഇൻ ഇന്റർവ്യൂ ഉണ്ടായിരിക്കുന്നതാണ്.



# ആലപ്പുഴ പുതിയ ബൈപാസ്: ആകെ 350 ഗർഡറുകൾ; 21 ഗർഡറുകൾ സ്ഥാപിച്ചു

**ആലപ്പുഴ:** ആലപ്പുഴ ബൈപാസിനു സമാന്തരമായി നിർമിക്കുന്ന പുതിയ ബൈപാസിന്റെ 21 ഗർഡറുകൾ സ്ഥാപിച്ചു. കൊമ്മാടിക്ക് സമീപത്തും ആലപ്പുഴ ബീച്ചിനു സമീപത്തുമാണ് ഗർ!ഡർ സ്ഥാപിക്കൽ പൂർത്തിയായത്. നിലവിൽ വിജയ പാർക്കിനു സമീപത്ത് ഗർഡറുകൾ സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുകയാണ്. ചൂടു വർധിച്ചതും ഈസ്റ്റർ, റമസാൻ പ്രമാണിച്ച് നിർമാണത്തിലേർപ്പെട്ടിരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ നാട്ടിലേക്ക് പോയതും നിർമാണ പ്രവൃത്തിയുടെ വേഗം കുറച്ചിട്ടുണ്ട്.

പുതിയ ബൈപാസിന് ആകെ 350 ഗർഡറുകളാണുള്ളത്. പ്രയാസമേറിയ ജോലി ആയതിനാൽ ഗർഡർ സ്ഥാപിക്കാൻ മാത്രം മാസങ്ങൾ വേണ്ടിവരും. കളർകോട് ഭാഗത്തും മാളികമുക്ക് ഭാഗത്തും തൂണുകളുടെ നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഭാഗത്ത് റെയിൽവേ ലൈനിന് മുകളിലൂടെ നിർമാണം നടത്താൻ റെയിൽവേയുടെ അനുമതി ലഭിക്കാൻ വൈകിയതാണ് ഇവിടെ നിർമാണം വൈകാനുള്ള കാരണം. തൂണുകളുടെ നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടെയും ഗർഡർ സ്ഥാപിക്കും.

96 തൂണുകളിൽ 80 തൂണുകളുടെ നിർമാണം പൂർത്തിയായി. ഗർഡറുകൾ സ്ഥാപിച്ച ശേഷം റൂഫ് സ്ലാബ് നിർമാണമാണ് അടുത്ത ഘട്ടം. നാലു ഗർഡറുകളാണ് ഒരു സ്പാനിൽ സമാന്തരമായി സ്ഥാപിക്കുക. അതിന് മുകളിലാണ് റൂഫ് സ്ലാബ് വരുന്നത്. ബൈപാസ് പാലത്തിൽ നിലവിൽ 12 മീറ്റർ വീതിയിലുള്ള രണ്ടുവരിപ്പാതയാണ് ഉള്ളത്. 14 മീറ്റർ വീതിയിൽ മൂന്നു വരിപാത കൂടി സമാന്തരമായി വരുന്നതോടെ ആകെ അഞ്ചുവരിപ്പാതയാകും. 6.8 കിലോ മീറ്ററാണ് ബൈപാസിന്റെ ആകെ നീളം. ഇതിൽ 3.43 കിലോ മീറ്റർ ഉയരപ്പാതയാണ്. ജൂലൈയിൽ നിർമാണം പൂർത്തിയാക്കുമെന്നാണ് നിർമാണക്കമ്പനി അവകാശപ്പെടുന്നത്.

# സാൻറാ മോണിക്ക മെഗാ മില്യൺസ് വിദേശ വിദ്യാഭ്യാസ സ്കോളർഷിപ് ഫെസ്റ്റ് 12ന് തിരുവല്ലയിൽ

**കോട്ടയം:** സാൻറ മോണിക്ക സ്റ്റഡി എബ്രോഡ് സംഘടിപ്പിക്കുന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വിദേശ വിദ്യാഭ്യാസ സ്കോളർഷിപ് ഫെസ്റ്റായ മെഗാ മില്യൺസ് വിദേശ വിദ്യാഭ്യാസ സ്കോളർഷിപ് ഫെസ്റ്റ് 12ന് തിരുവല്ല വിജയ ഇൻറർനാഷണൽ കൺവൻഷൻ സെൻറർ (എഴിഞ്ഞിലം) രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചുവരെ നടക്കും.കാനഡ, യുകെ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, യുഎസ്എ, അയർലൻഡ്, സ്വീഡൻ, ജർമനി, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഫിൻലൻഡ്, മാൾട്ട, ലാത്വിയ, സിങ്കപ്പൂർ, മലേഷ്യ, യുഎഇ തുടങ്ങി രാജ്യങ്ങളിൽനിന്നായി മുൻനിര വിദേശ സർവകലാശാലകളും കോളജുകളും ഫെസ്റ്റിൽ നേരിട്ടെത്തും.




വിദേശത്ത് ഉപരിപഠനത്തിനായി തയാറെടുക്കുന്നവർക്ക് മാത്രമല്ല, പ്ലസ്ടു, ഡിഗ്രി അവസാന വർഷ വിദ്യാർഥികൾക്കും ഈ വിദേശ സ്കോളർഷിപ് ഉത്സവത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾക്കു സൗജന്യമായി അപേക്ഷ ഫോം നൽകാനും സ്പോട്ട് പ്രൊഫൈൽ അസസ്മെൻറ് നടത്താനും ഫാസ്റ്റ് ട്രാക്ക് അപേക്ഷ സമർപ്പിക്കാനും ഫെസ്റ്റിൽ സാധിക്കും.

ഓരോ രാജ്യത്തെയും സാധ്യതകൾ ചോദിച്ചറിഞ്ഞ് അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കാം. ഡോക്ടർമാർക്കും ഡെൻറിസ്റ്റുകൾക്കുമായി കോഴ്സുകൾക്കുള്ള പ്രത്യേക ഡെസ്കും നഴ്സിംഗ് പഠനം, വർക്ക് പെർമിറ്റിനായുള്ള ഡെസ്കും സജീകരിച്ചിട്ടുണ്ട്.

വിദേശ വിദ്യാഭ്യാസ ലോൺ സേവനങ്ങൾക്കായി പ്രമുഖ ബാങ്കുകളുടെയും കൗണ്ടറുകളും ഉണ്ടായിരിക്കും. കൂടാതെ വിവിധ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ, സ്റ്റഡി വീസയുടെ ലഭ്യത, പാർട്ട് ടൈം തൊഴിലവസരങ്ങൾ, രാജ്യങ്ങളുടെ നയങ്ങളിൽ വന്ന മാറ്റങ്ങൾ!,

വിദേശത്ത് ഇന്ത്യൻ വിദ്യാർഥികൾ നേരിടുന്ന വെല്ലുവിളികൾ ഇവയെല്ലാം മനസിലാക്കാനുള്ള അവസരം കൂടിയാണ് സാൻറാ മോണിക്ക ഒരുക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഡെന്നി തോമസ് വട്ടക്കുന്നേൽ പറഞ്ഞു. ഫെസ്റ്റിലേക്ക് പ്രവേശനം സൗജന്യമാണ്.www.santamonicaedu.in എന്ന വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് ഇമെയിൽ വഴി ലഭിക്കുന്ന എൻട്രി പാസ് ഉപയോഗിച്ച് പ്രവേശനം നേടാം. ഇതിനു പുറമെ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്.കൂടുതൽ വിവരങ്ങൾക്ക് 0484 4150999, 9645222999.

# എ.ഐ മികവുള്ള ഗൃഹോപകരണങ്ങളുമായി സാംസങ്




കൊച്ചി: ഇന്ത്യയിലെ ഏറ്റവും പ്രമുഖ ഇലക്ട്രോണിക് ബ്രാൻഡായ സാംസങ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക തനിമയുള്ള ബെസ്പോക്ക് ഗൃഹോപകരണങ്ങൾ അവതരിപ്പിച്ചു. അതിവേഗം വളരുന്ന പ്രീമിയം ഗൃഹോപകരണങ്ങളുടെ വിപണിയിൽ ഉപഭോക്താക്കളുടെ പ്രതീക്ഷകൾക്കൊപ്പം വളരുകയാണ് സാംസങിന്റെ ലക്ഷ്യം. വൈഫൈ, ക്യാമറകൾ, എഐ ചിപ്പുകൾ എന്നിവയടങ്ങുന്ന സാംസങിന്റെ അതിനൂതന സാങ്കേതിക മികവുള്ള ഉപകരണങ്ങൾ സാമാർട്ട് തിംഗ്സ് ആപ്ലിക്കേഷനിലൂടെ എളുപ്പത്തിൽ കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനും സാധിക്കുന്ന സൗകര്യപ്രദമായ ഹോം മാനേജ്മെന്റ് സാധ്യമാക്കുന്നു.ഗൃഹോപകരണ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ഏറ്റവും മികച്ച അതിനൂതന ബെസ്പോക്ക് എഐ അവതരിപ്പിക്കുകയാണെന്നും ഇത് ഇന്ത്യൻ വീടുകൾക്ക് ഏറെ ഗുണകരമാണെന്നും സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സിഇഒ യുമായ ജെ ബി പാർക്ക് പറഞ്ഞു.

# ശബരി എയർപോർട്ട്: പബ്ലിക് ഹിയറിംഗ് 15ന്



**കോട്ടയം:** എരുമേലി ശബരി എയർപോർട്ട് നിർമാണവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് അടിസ്ഥാനമാക്കി പൊതുജനങ്ങളുടെ ആശങ്കകൾക്ക് മറുപടി നൽകാനുള്ള പബ്ലിക് ഹിയറിംഗ് 15ന് രാവിലെ 11.30ന് എരുമേലി അസംപ്ഷൻ പാരിഷ് ഹാളിൽ നടത്തും.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ് ഹിയറിംഗ് നടത്തുന്നത്. നാട്ടുകാർ ഉന്നയിക്കുന്ന കാര്യങ്ങൾ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കും. നിർമാണ അനുമതിക്ക് ഈ റിപ്പോർട്ട് പ്രധാന ഘടകമാണ്. 3.34 ലക്ഷം റബർ മരങ്ങൾ ഉൾപ്പെടെ 3.58 ലക്ഷം മരങ്ങളാണ് മുറിച്ചുമാറ്റേണ്ടിവരിക.

ഇവിടുത്തെ ഹരിതകവചം ഇല്ലാതാകുന്ന സാഹചര്യത്തിൽ പകരം 856 ഏക്കറിൽ മരങ്ങൾ വച്ചുപിടിപ്പിക്കും. നിർമാണത്തിലേക്ക് 2569.59 ഏക്കർ നിരപ്പാക്കേണ്ടിവരും. അവശിഷ്ടങ്ങൾ എവിടേക്കു മാറ്റും, എങ്ങനെ സംസ്കരിക്കും തുടങ്ങിയ കാര്യങ്ങളിലും വ്യക്തതയുണ്ടാകണം.നിർമാണ വേളയിലും പിന്നീടും മണിമലയാർ വറ്റുന്ന സാഹചര്യത്തിൽ പകരം ജലസാധ്യത, പുതിയ ഗതാഗത സംവിധാനം തുടങ്ങിയവയ്ക്കും പരിഹാരമുണ്ടാകും.

എയർപോർട്ട് നിർമിക്കാൻ ഏറ്റെടുക്കുന്ന ചെറുവള്ളി എസ്റ്റേറ്റിൽ 221 കുടുംബങ്ങളിലായി 875 പേരും പുറത്ത് 162 വീടുകളിലായി 1441 പേരും താമസിക്കുന്നു. 149 വീടുകൾ ഏറ്റെടുക്കണം. 117 കിണറുകൾ നികത്തേണ്ടിവരും

# ഫാഷൻ ഓൺ ആമസോൺ, ഹർ പൽ ഫാഷനബിൾനു തുടക്കം

**തിരുവനന്തപുരം:** ബോളിവുഡ് താരങ്ങളായ അനന്യ പാണ്ഡെയും ആദിത്യ റോയ് കപൂറും ആദ്യമായി ഒരുമിക്കുന്ന 'ഫാഷൻ ഓൺ ആമസോൺ, ഹർ പൽ ഫാഷനബിൾ'നു തുടക്കം കുറിച്ച് ആമസോൺ ഫാഷൻ. വസ്ത്രങ്ങൾ, ഷൂകൾ, വാച്ചുകൾ, ആക്സസറികൾ തുടങ്ങി എല്ലാത്തിനും വൺസ്റ്റോപ്പ് ഓൺലൈൻ ലക്ഷ്യസ്ഥാനമാണ് ആമസോൺ. മുൻനിര ബ്രാൻഡുകളിൽ നിന്നുള്ള 'വെയർ ഇറ്റ് വിത്ത്' നിർദേശങ്ങൾ, എളുപ്പത്തിലുള്ള റിട്ടേൺ,അതിവേഗ ഡെലിവറി, കൺവീനിയൻസ് ഫീസ് ഇല്ല എന്നിങ്ങനെയുള്ള സൗകര്യ ഫീച്ചറുകളുമുണ്ട്. ഫാഷനെ ആയാസരഹിതമാക്കാനും പുനർനിർവചിക്കാനും ഷോപ്പിംഗ് അനുഭവം എളുപ്പമാക്കുക എന്നതാണ് ആമസോൺ ഫാഷൻ ലക്ഷ്യമിടുന്നത്. സ്റ്റൈലാർന്ന ഔട്ട്ഫിറ്റ് അസംബിൾ ചെയ്യുന്നതിനും, സൺഗ്ലാസുകൾ, വാച്ചുകൾ, ഷൂകൾ മുതലായവ കൊണ്ട് സമ്പൂർണ ലുക്കിനുള്ള ശരിയായ കോംബിനേഷനുകൾ കണ്ടെത്തുന്നതിനും ഇവിടം സഹായിക്കുന്നു.

ഈസി റിട്ടേണുകൾ, അധിക ഫീസില്ലാതെ വേഗത്തിലുള്ള ഡെലിവറി തുടങ്ങിയ അധിക സൗകര്യങ്ങളോടെ ഫാഷൻ ഷോപ്പിംഗ് അനുഭവം ഏറ്റവും മികച്ചതാക്കുവാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്ന് ആമസോൺ ഇന്ത്യയുടെ കൺസ്യൂമർ മാർക്കറ്റിംഗ് ഡയറക്ടർ പ്രഗ്യ ശർമ്മ പറഞ്ഞു. ആമസോൺ ഫാഷന്റെ വിപുലമായ സെലക്ഷനിൽ സുഖകരവും ആത്മവിശ്വാസവും നൽകുന്നതുമായ സ്റ്റൈലിംഗ് മികച്ചതാണെന്നും ആമസോൺ ഫാഷൻറെ 'ഫാഷൻ ഓൺ ആമസോൺ, ഹർ പൽ ഫാഷനബിൾ'ന്റെ ഭാഗമാകുന്നതിൽ സന്തോഷമുണ്ടെന്ന് അനന്യ പാണ്ഡെയും ആദിത്യ റോയ് കപൂറും പറഞ്ഞു.

# പുതിയ സോപ്പ് വിപണിയിലിറക്കി ഡെറ്റോൾ




**കൊച്ചി:** വലിപ്പം കൂടിയ 100 ഗ്രാം ഡെറ്റോൾ ബാർ സോപ്പ് (മൾട്ടിപായ്ക്ക്) വിപണിയിലിറക്കി ഡെറ്റോൾ. നേരത്തെയുള്ള 75ഗ്രാമിന്റെ 5 ഡെറ്റോൾ ബാർ സോപ്പിന്റെ അതേ വിലയായ 165 രൂപ തന്നെയാണ് പുതിയ 100ഗ്രാമിന്റെ 5 ഡെറ്റോൾ ബാർ സോപ്പിന്റെ പായ്ക്കിനുമുള്ളത്. പുതിയ മൾട്ടിപപ്പായ്ക്ക് ഡെറ്റോൾ സോപ്പ് പുറത്തിറക്കികൊണ്ട് രാഷ്ട്രത്തിനൊപ്പമുള്ള പങ്കാളിത്തം ശക്തിപ്പെടുത്താനും രോഗത്തിനു കാരണമാകുന്ന അണുക്കളിൽ നിന്ന് ഉപഭോക്താക്കൾക്ക് സംരക്ഷണം വാഗ്ദാനം ചെയ്തുകൊണ്ട് ഇന്ത്യയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് സംഭാവന ചെയ്യാനുമാണ് ലക്ഷ്യംവയ്ക്കുന്നത്.

അതിനൊപ്പം, രോഗാണുക്കളിൽ നിന്നുള്ള സംരക്ഷണത്തിന് ഇന്ത്യയിലെ ഏറ്റവുമധികം വിശ്വസിക്കപ്പെടുന്ന ബ്രാൻഡായ ഇന്ത്യൻ വിജയകഥ ആഘോഷിക്കുന്ന ഒരു പുതിയ കാമ്പെയ്ന് തുടക്കവും കുറിച്ചു. ഇന്ത്യയിലെ ഉപഭോക്താക്കൾ ഡെറ്റോളിനെ നിരന്തരം വിശ്വസിക്കുകയും പിന്താങ്ങുകയും സംരക്ഷണത്തിന്റെയും വൃത്തിയുടെയും പര്യായം എന്ന നിലയിൽ വീടുകൾ തോറും അറിയപ്പെടുന്ന ഒരു പേരായി ഡെറ്റോൾ മാറിയതിനെ എടുത്തുകാണിക്കുന്നതാണ് കാമ്പെയ്ൻ.

# എറണാകുളം ബെംഗളൂരു റൂട്ടിൽ സ്പെഷൽ വന്ദേഭാരത് സർവീസ്; ഉദ്ഘാടനച്ചടങ്ങുകൾ ഉണ്ടാകില്ല

**കൊച്ചി :** എറണാകുളം ബെംഗളൂരു റൂട്ടിൽ സ്പെഷൽ വന്ദേഭാരത് ട്രെയിൻ സർവീസിനു സാധ്യത. പുതിയ റേക്ക് വന്ദേഭാരത് കഴിഞ്ഞ ദിവസം കൊല്ലത്ത് എത്തി. ഇതു പുതിയ സർവീസിനാകും എന്നാണു വിലയിരുത്തൽ. എറണാകുളം ബെംഗളൂരു സർവീസിനെക്കുറിച്ച് റെയിൽവേ ഔദ്യോഗിക സ്ഥിരീകരണം നൽകിയിട്ടില്ല. സർവീസ് തീരുമാനിച്ചാലും തിരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ഉദ്ഘാടനം ഒഴിവാക്കി സ്പെഷൽ ട്രെയിൻ ആയാകും ഓടിക്കുക. ദക്ഷിണ റെയിൽവേയ്ക്ക് അനുവദിച്ച പുതിയ 3 വന്ദേഭാരതിൽ ഒന്നാകും ഇത്. ബെംഗളൂരുവിൽ നിന്നു രാവിലെ എറണാകുളം ജംക്ഷനിലെത്തി ഉച്ചയോടെ തിരികെ പോകുന്ന സമയക്രമം ഉൾപ്പെടെ പരിഗണനയിൽ ഉണ്ടായിരുന്നു. എറണാകുളം മാർഷലിങ് യാഡിൽ വന്ദേഭാരത് ട്രെയിനുകൾ അറ്റകുറ്റപ്പണി നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

